## കോട്ടുകുന്നം വാർഡ് – 1

കോട്ടുകുന്നം വാർഡിൽ 100 വീടുകൾ ഉൾപ്പെടുത്തി 2 അയൽകൂട്ടങ്ങൾ രൂപീകരിച്ചു. മണ്ഡലം കുന്ന്, കോട്ടുകുന്നം മുടിയൂർകോണം എന്നീ പ്രദേശങ്ങളാണ് ടി പദ്ധതിയിൽ ഉൾപ്പെടുന്നത്.

ടി പ്രദേശങ്ങളിൽ ഉൾപ്പെടുന്ന രണ്ട് ചിറകളും ചെറിയ ഒരു മലയും ഉൾപ്പെടുന്നു. നെൽകൃഷിക്ക് അനുയോജ്യമായ വയലുകളും പച്ചക്കറി കൃഷിക്കും വാഴകൃഷിക്കും അനുയോജ്യമായ സ്വകാര്യ തരിശു ഭൂമിയും ഉണ്ട്. മത്സ്യകൃഷിക്ക് ഉപയോഗിക്കാൻ പറ്റുന്ന ചിറകളും ഉണ്ട്.

1. ചിറകൾ വൃത്തിയാക്കി മത്സ്യകൃഷിക്ക് ആരംഭിക്കാം.
2. സ്വകാര്യ തരിശുഭൂമിയിൽ പച്ചക്കറി കൃഷി, വാഴകൃഷി തുടങ്ങിയവ ചെയ്യാം.
3. ക്ഷീരകർഷകരെ ഉൾപ്പെടുത്തിക്കൊണ്ട് അവർക്ക് പ്രോത്സാഹനാർഹമായ നടപടികൾ എടുക്കാം.
4. തീറ്റപുൽകൃഷി നടത്താൻ സാധിക്കുന്ന അനുയോജ്യമായ സ്ഥലങ്ങൾ ഉണ്ട്.
5. ആടുവളർത്തൽ, കോഴി വളർത്തൽ, മുയൽ വളർത്തൽ എന്നിവ ചെയ്യുന്നതിനുള്ള സൗകര്യവും സ്ഥലവും ലഭ്യമാക്കുന്നതാണ്.
6. ജലസംഭരണികൾ നിർമ്മിക്കാൻ സാധിക്കുന്നതാണ്.
7. കോട്ടുകോണം ജംഗ്ഷനിലെ സാംസ്കാരിക നിലയത്തിലെ കോമ്പൗണ്ടിൽ ഔഷധകൃഷി ചെയ്യാൻ സാധിക്കും.
8. സ്വകാര്യ ഭൂമികളിൽ അവരുടെ അനുവാദത്തോട തടയണകൾ നർമിക്കാം
9. തെങ്ങുകൾക്ക് തടമെടുക്കാം.
10. തോടിന്റെ വശങ്ങളിൽ ജൈവവേലി നട്ടുപിടിപ്പിക്കാം.
11. 100 വീടുകളിൽ ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കാനുള്ള സംവിധാനമുണ്ടാക്കണം.
12. ഇടവം പറമ്പിൽ പാട്ടറകോണം ചിറയിൽ നിന്നും ഉത്ഭവിക്കുന്നതോട് ഏകദേശം 300 മീറ്റർ ഒഴുകിയെത്തുമ്പോൾ ഒരു കുളമുണ്ട്. ധാരാളം വെള്ളം ഉള്ള ഈ കുളം ഇപ്പോൾ ഉപയോഗ ശൂന്യവും ശോചനീയാവസ്ഥയിലുമാണ്. അത് പുനരുദ്ധരിക്കാൻ വേണ്ട നടപടികൾ എടുക്കണം. ആ കുളം ഉപയോഗയോഗ്യമായാൽ കൃഷിക്കും കുടിവെള്ളത്തിനും ഉപയോഗിക്കാൻ പറ്റും.
13. കുടുംബശ്രീ അംഗങ്ങൾ ഗ്രൂപ്പായി കൂൺ കൃഷി ചെയ്യാൻ താൽപര്യവും സൗകര്യവും ഉണ്ട്.

## നെല്ലനാട് വാർഡ് – 2

1. **വെട്ടുവിള തൈയ്ക്കാട് തോട്**
   1. കോളനിയിലേക്ക് കയറുന്നതിന് നടപ്പാലം നിർമ്മിക്കണം
   2. വെട്ടുവിള (വെട്ടിയോട്) ഭാഗത്ത് തോടിന്റെ ഭിത്തി കെട്ടി സംരക്ഷിക്കണം
2. **ചാണയിൽ**
   1. നടപ്പാലം ആവശ്യമാണ് (വെട്ടിയോട്)
   2. അരിക് കെട്ടി സംരക്ഷിക്കണം
3. **മരിയം**
   1. ഓടയിൽ നിന്നും വെള്ളം വരുന്നതു കാരണം (ഓടക്കട, ചിറത്തലയ്ക്കൽ) മാലിന്യമാണ്. അത് ഒഴിവാക്കണം
   2. മത്സ്യകൃഷിക്ക് ഉപയോഗിക്കാം
   3. നടപ്പാലം (വയ്യേറ്റ്, മാങ്കുളം) നിർമ്മിക്കണം
   4. സൈഡ് വാൾ നിർമ്മിക്കണം
4. **മുദാക്കൽ**

   സൈഡ് വാൾ നിർമ്മിക്കണം
5. **പുതൂർ തോട്**

   സൈഡ് വാൾ നിർമ്മിക്കണം
6. **തൈയ്ക്കാട് മക്കാംകോണം തോട്**

   സൈഡ് വാൾ നിർമ്മിക്കണം

   ചിറ ശുദ്ധീകരിക്കുക

   മത്സ്യകൃഷി ചെയ്യുക (മക്കാംകോണം പ്രീമെട്രിക്കിനു സമീപം)
7. **പുതുകുളങ്ങര മൈലത്തുകാവ് തോട്**

   സൈഡ് വാൾ നിർമ്മിക്കണം
8. **കൊക്കോട്ടു  കുളം**

   സൈഡ് വാൾ നിർമ്മിക്കണം
9. **മൈലത്തുകാവ് പുതുകുളങ്ങര തോട്**

   സൈഡ് വാൾ നിർമ്മിക്കണം (തൈക്കാട് പാലം വരെ)
10. **പുതുകുളങ്ങര ചിറ, കണ്ണൻകോട് ചിറ, പട്ടത്താനത്ത് കുളം, കോട്ടറ വീട് ക്ഷേത്രകുളം**

    സൈഡ് വാൾ നിർമ്മിക്കണം
11. **പറവിളകോണം ചിറ**

    വൃത്തിയാക്കി മത്സ്യകൃഷി നടത്താവുന്നതാണ്

12. **പന്നിക്കരുകോണംചിറ**

മത്സ്യകൃഷി നടത്താവുന്നതാണ്

13. **പ്ലാവോട് തോട്**

വൃത്തിയാക്കി നടപ്പാത, സൈഡ് വാൾ എന്നിവ നിർമ്മിക്കുക

14. **തോട്ടുംപുറം ഭഗവതികോണം തോട്**

സൈഡ് വാൾ നിർമ്മിക്കണം

വെള്ളം തടഞ്ഞു നിർത്തി കൃഷി ചെയ്യുന്നതിനായി കാരിഞ്ചി പള്ളിക്ക് താഴെ ഒരു ബണ്ട് നിർമ്മിക്കുക

15. **കാവറ ഏറത്ത്**

പള്ളിവിള മുതൽ തണ്ടാം പൊയ്ക വരെ സൈഡ് വാൾ കെട്ടി സംരക്ഷിക്കണം

16. **നീർച്ചാൽ കൈത്തോട് ആറാട്ട് വിള**

സൈഡ് വാൾ നിർമ്മിക്കണം

17. **ആലന്തറ**

നെൽകൃഷി ഉള്ളതിനാൽ തോടുകൾക്ക് സൈഡ് വാൾ കെട്ടുക

പുളിമൂട് ഭാഗത്ത് ബണ്ട് കെട്ടി കൃഷിക്ക് സംരക്ഷണം നൽകുക

18. **കീഴായിക്കോണം**

സൈഡ് വാൾ നിർമ്മിക്കണം

19. **ആലന്തറ മണ്ഡപത്തിൻ തോട്**

വലിയ പാലം നിർമ്മിക്കണം

## കീഴായിക്കോണം വാർഡ് - 4

കീഴായിക്കോണം വാർഡിൽ സി. വിജയൻ (വാർഡ് മെമ്പർ) അദ്ധ്യക്ഷനായി 6 നീർത്തട അയൽക്കൂട്ടങ്ങൾ കൂടി ഈ വാർഡിൽ ഭാഗീകമായി മാത്രമാണ് നീർത്തടത്തിൽ ഉൾപ്പെട്ട് വന്നിട്ടുള്ളത്. വെളുത്തപാറ, മുളവെട്ട് പറമ്പ്, പഞ്ഞിയൂർ, ഉദിമൂട്, മാമൂട്, കുന്നത്തുവിള എന്നീ പ്രദേശങ്ങളാണ് ഇതിൽ ഉൾപ്പെട്ട് വന്നിട്ടുള്ളത്.

1. മുളവെട്ട് പറമ്പിൽ രണ്ട് പഞ്ചായത്ത് കിണറുണ്ട്. കണറിനടുത്തായി ഒരു ഓടയുണ്ട്. ഇത് കിണറിനെ മലിനമാക്കുകയാണ്. ആയതിനാൽ കിണറിലെ ജലം സംരക്ഷിക്കണം.
2. പഞ്ഞിയൂർ പ്രദേശത്ത് അനവധി നീരുറവകൾ ഉണ്ട്. ഉപയോഗശൂന്യമായി കിടക്കുകയാണ്. ഇത് സംരക്ഷിക്കണം.
3. കൃഷിക്ക് അനുയോജ്യമായിട്ടുള്ള പ്രദേശങ്ങൾ ഉണ്ട്. വാഴകൃഷി, പച്ചക്കറി കൃഷി, മരിച്ചിനി കൃഷി ഇവയ്ക്കൊക്കെ അനുയോജ്യമായ സ്ഥലമാണ്.
4. ഈ പ്രദേശങ്ങളിൽ കുടിവെള്ളത്തിനായി വളരെ ബുദ്ധിമുട്ടുണ്ട്. കുളങ്ങൾ സംരക്ഷിക്കാൻ മാത്രമേ ഇതിനൊരു പരിഹാരമാവുകയുള്ളൂ.
5. പഞ്ഞിയൂർ പ്രദേശത്ത് ഒരു വാൽകുളമുണ്ട്. ഇത് ഇപ്പോൾ മണ്ണ് മൂടിയ നിലയിലാണ്. ഇത് വൃത്തിയാക്കിയാൽ ഒരുപാട് കുടുംബങ്ങൾക്ക് കുടിവെള്ളവും മറ്റ് ആവശ്യത്തിനുള്ള വെള്ളവും ഇതിൽ നിന്നും ലഭിക്കും. അതിനാൽ ഈ കുളവും വൃത്തിയാക്കി സംരക്ഷിക്കേണ്ടിയിരിക്കുന്നു.
6. ഒത്തിരി പാവപ്പെട്ട ജനങ്ങളാണ് ഈ വാർഡിലുള്ളത്. അവർക്ക് ആട്, കോഴി മറ്റുള്ളവയൊക്കെ നൽകി സഹായിക്കേണ്ടിയിരിക്കുന്നു.
7. അംഗൻവാടി സ്ഥിതി ചെയ്യുന്ന സ്ഥലത്ത് കൃഷിയ്ക്ക് ആവശ്യമായ സ്ഥലമുണ്ട്. ഇവിടെ പച്ചക്കറി കൃഷിയ്ക്കും മരിച്ചീനി കൃഷിയ്ക്കും സൗകര്യമുണ്ട്.
8. പ്ലാസ്റ്റിക് നിരോധിച്ചുകൊണ്ട് അതിന് പകരം പേപ്പർ ബാഗുകളും മറ്റും ഉൾപ്പെടുത്തി വാർഡിനെ മാലിന്യ മുക്തമാക്കണമെന്ന് ചർച്ച ചെയ്യപ്പെട്ടു.
9. മാമൂട് ചടരുകാവ് റോഡിന്റെ സൈഡുമണ്ണ് ഒലുപ്പു തടയുന്നതിന് വേണ്ടി സൈഡ് കെട്ടാൻ ഉണ്ട്.

## തോട്ടുംപുറം വാർഡ് - 5

1. പ്രദേശം പ്രശ്നങ്ങൾ - മണ്ണൊലിപ്പു തടയുക, കയ്യാല കെട്ടൽ, തോടിന്റെ ഇരുവശവും കല്ലുകെട്ടി സംരക്ഷിക്കുക, വയലുകൾ നികത്തുന്നതുവഴി തോടുകൾ ചെറുതാവുകയും പുരയിടങ്ങളിൽ വെള്ളം കെട്ടി നിന്ന് നാശനഷ്ടങ്ങൾ ഉണ്ടാവുകയും ചെയ്യുന്നു. അതുണ്ടാകാതിരിക്കാൻ തോടുനികത്താതേയും തോട് നികത്തി റോഡുണ്ടാകാതിരിക്കാനും ശ്രമിക്കണം. - സംരക്ഷണത്തിന് 10 ലക്ഷം രൂപ
2. തരിശായി കിടക്കുന്ന ഭൂമികളിൽ, പച്ചക്കറികൃഷി, വാഴകൃഷി, പുൽകൃഷി എന്നിവ നടുവാനുള്ള നടപടിയുണ്ടാക്കുകയും അതിനുവേണ്ട സഹായം കൊടുക്കുകയും വേണം. - 2 ലക്ഷം രൂപ
3. ശുദ്ധ ജലവിതരണത്തിന് മക്കാംകോണം ചിറ ഉപയോഗിക്കാവുന്നതാണ്. - 5 ലക്ഷം രൂപ
4. അയൽക്കൂട്ടം വഴിയും വ്യക്തിപരമായും കോഴിവളർത്തൽ, ആട് വളർത്തൽ, കന്നുകുട്ടി, കൂൺകൃഷി, തേനീച്ച, മുളപ്പിച്ച തൈകൾ വീടുകളിൽ എത്തിച്ചുകൊടുകാനുള്ള നടപടിയും, മത്സ്യം വളർത്തുന്നതിനുവേണ്ട ഏർപ്പാടുകൾ ഉണ്ടാകുന്നതിനും, മഴക്കാലത്ത് പച്ചക്കറി കൃഷി നടത്തുന്നതിന് വേണ്ട പ്രാഥമിക സൗകര്യങ്ങൾ നൽകുന്നതിനും വേണ്ട നടപടികൾ കൃഷിഭവൻ വഴി ഉണ്ടാകും. - 2 ലക്ഷം രൂപ
5. തയ്യൽ സ്ഥാപനം കുടുംബശ്രീ വഴി ഉണ്ടാകുന്നതിനും ആട്ടോ ഡ്രൈവിംഗും ആട്ടോറിക്ഷയും കൊടുത്ത് വനിതകളെ സംരക്ഷിക്കണം. - 2 ലക്ഷം രൂപ
6. മൃഗാശുപത്രിയുടെ (ബ്ലോക്ക് ഓഫീസ്) അകത്ത് ഔഷധസസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള നടപടിയുണ്ടാക്കണം. - അൻപതിനായിരം രൂപ
7. പച്ചക്കറി കൃഷി ചെയ്യുവാൻ താത്പര്യമുള്ള വ്യക്തികൾക്ക് കുടുംബ ശ്രീവഴിയും അല്ലാതേയും കവറുകൾ നൽകി കൃഷി ചെയ്യുവാൻ അവരെ പ്രോത്സാഹിപ്പിക്കുക. പലതരം ഭക്ഷ്യോൽപാദനത്തിന് പ്രോത്സാഹനവും പരിശീലനവും സഹായവും നൽകണം - 1 ലക്ഷം രൂപ

## മൈലയ്ക്കൽ വാർഡ് – 6

1. മക്കാംകോണം മാർക്കറ്റ് തോട് :- മക്കാംകോണം വടക്കനാട് നീരൊഴുക്കിന് തടസ്സം മാറ്റി കലുങ്ക് കെട്ടണം
2. മാർക്കറ്റിന് മുകളിലും മാർക്കറ്റിൽ നിന്ന് താഴോട്ടും ജലതടസ്സം ഉണ്ട്
3. പ്ലാവോട് കരിയ്ക്കകം തോട് നടപ്പാലം നിർമ്മാണം
4. പ്ലാവോട് കടിയൂർകോണം തോട് സൈഡ് കെട്ടൽ
5. പണിക്കരുകോണം കുളം മൈലയ്ക്കൽ വാർഡിന്റെ സ്വിമ്മിംഗ് പൂൾ ആക്കണം
6. പ്ലാവോട് കുളം 2 എണ്ണം ശുചീകരിച്ച് സൈഡ് വാൾ കെട്ടി കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തണം
7. പണിക്കരുകോണം മാർക്കറ്റ് തോട് (കോക്കാല)

മേലേ കുറ്റിമൂട്, മേലേ പനയറം, പേരയത്തുംകുഴി അംഗൻവാടി (കിണർ വെള്ളം ലഭ്യമല്ല), പനയറം, കല്ലിടിക്ക്

**മണ്ണൊലിപ്പ്**

പനയറം – പണിക്കരുകോണം

കല്ലിടിക്ക് – ചിറവിള ഏരിയ

തോടുകൾ : പനയറം-പ്ലാവോട് കൈത്തോട്, പണിക്കരുകോണം മാർക്കറ്റ് തോട്, കമുകിൻമൂട്- പ്ലാവോട് കടീക്കോണം, പ്ലാവോട് കരിക്കകം

കുളങ്ങൾ : പണിക്കരുകോണം

പാറക്കെട്ടുകൾ: പണിക്കരുകോണം കല്ലിടിക്കിൽ കുന്നുപുറം

**നിർദ്ദേശം**

പണിക്കരുകോണം കുളം വാർഡിന്റെ നീന്തൽ കുളമാക്കുക

## വെഞ്ഞാറമൂട് വാർഡ് – 7

1. **അയൽക്കൂട്ട രൂപീകരണം**

അയൽക്കൂട്ട രൂപീകരണം ഏകദേശം പൂർത്തിയായി (8 അയൽക്കൂട്ടം). വിട്ടുപോയ വീടുകളുടെ സർവ്വേ നടക്കുന്നു.

2. **തോടുകൾ, കുളങ്ങൾ**

| | |
|---|---|
| പുതുകുളങ്ങര | – 5 ലക്ഷം |
| കണ്ണൻകോട്ചിറ | – 5 ലക്ഷം |
| കൊക്കോട്ടുകോണം | – 1 ലക്ഷം |
| പട്ടത്താനംകുളം | – 3 ലക്ഷം |

കോട്ടാർവീട് കുളം - 4 ലക്ഷം

മടത്തിൽ കുളം - 2 ലക്ഷം

തോട് - മാർക്കറ്റ് മുതൽ തൈയ്ക്കാട് വരെയുള്ള മെയിൻ തോടും വലിയതോടിൽ നിന്നും ഒഴുകുന്ന ചെറിയ തോടുകൾ - 8 ലക്ഷം രൂപ ചെലവ് വരും

ബണ്ട് നിർമ്മാണം, മണ്ണ് കൊണ്ടുള്ള കയ്യാല നിർമ്മാണം, ജൈവവേലി

3. **പ്രശ്നങ്ങൾ**

മണ്ണൊലിപ്പ് - ചരിഞ്ഞ പ്രദേശത്ത് മുകളിൽ നിന്നുള്ള മണ്ണൊലിപ്പ്.

4. **സാധ്യതകൾ**

പുല്ലുകൾവെയ്ക്കാം, തട്ടുതട്ടാക്കാം, കാട്ടുകല്ല് വെച്ച് കയ്യാലകെട്ടാം, മഴക്കുഴി നിർമ്മാണം.

കോണ്ടൂർ ബണ്ട് നിർമ്മാണം - 10 ലക്ഷം

5. **അനുയോജ്യമായ പ്രവർത്തനങ്ങൾ**

1. തരിശുഭൂമിയിൽ കൃഷി ചെയ്യാനുള്ള സംവിധാനം
2. അയൽക്കൂട്ട അംഗങ്ങൾക്ക് വരുമാന വർദ്ധനവിന് വേണ്ടി ഗ്രൂപ്പിനും വ്യക്തിഗതമായും കൃഷി ചെയ്യുന്നതിന് ആവശ്യമായ സഹായം - 10 ലക്ഷം
3. മഴവെള്ള സംഭരണി
4. സ്ഥലം കുറച്ചുള്ളവർക്ക് - മഴക്കുഴി, ഔഷധ ചെടി വച്ചു പിടിപ്പിക്കൽ
5. നീർത്തട പ്രദേശത്തെ അയൽക്കൂട്ടാംഗങ്ങൾക്ക് സ്വയംതൊഴിൽ പദ്ധതിയിലൂടെ വരുമാനം കണ്ടെത്തുന്നതിനുള്ള പദ്ധതികൾ ഉണ്ടാക്കണം.
6. ഉദാ : ആടുവളർത്തൽ, കോഴി വളർത്തൽ, പശുവളർത്തൽ, പരമ്പരാഗത തൊഴിൽ കണ്ടെത്തൽ, തേനീച്ച വളർത്തൽ - 5 ലക്ഷം രൂപ ആവശ്യമായി വരും
7. ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് തോടിന്റെ സൈഡ് ഇടിഞ്ഞതിനെ സംരക്ഷിക്കുക.

6. **നിർദ്ദേശം**

കണ്ണൻകോട് ചിറ നീന്തൽകുളം ആക്കാൻ ഉള്ള നിർദ്ദേശം. - 5 ലക്ഷം രൂപ

7. കുളങ്ങളിൽ - മത്സ്യകൃഷി, താറാവ് കൃഷി, മട്ടുപ്പാവ് കൃഷി - 1 ലക്ഷം രൂപ
8. വീടിനകത്ത് വെച്ച് നടത്താവുന്ന കൈതൊഴിലുകൾ പുഷ്പകൃഷി, ചാക്ക് നിറച്ച് നടത്താവുന്ന കൃഷികൾ ജൈവവള നിർമ്മാണം. - 1.5 ലക്ഷം രൂപ

9. പഴവർഗ്ഗങ്ങളിൽ നിന്നും ഉണ്ടാക്കാവുന്ന ഉൽപ്പന്നങ്ങൾ ഉണ്ടാക്കാനുള്ള പരിശീലനം - 3 ലക്ഷം രൂപ
10. നെൽകൃഷി പുനരുദ്ധാരണവുമായി ബന്ധപ്പെട്ട ജൈവ പച്ചക്കറി കൃഷി. - 5 ലക്ഷം രൂപ
11. നനകിഴങ്ങ്, ചേമ്പ്, കാച്ചിൽ മുതലായവ അന്യംനിന്നുപോകുന്ന കിഴങ്ങ് വർഗ്ഗ സംഭരണം. - 1 ലക്ഷം രൂപ
12. പേപ്പർ ബാഗ് നിർമ്മാണം - പേപ്പർ കവർ നിർമ്മാണം. - 50,000 രൂപ
13. പദ്ധതി പ്രദേശത്ത്, ഓരോ വീട്ടിലും ഓരോ ഔഷധ തൈ നൽകാൻ പദ്ധതിയിടുന്നു. - 1 ലക്ഷം രൂപ
14. തയ്യൽ പരിശീലന പരിപാടി ആവശ്യമാണ് - 2 ലക്ഷം രൂപ
15. ജൂവലറി മേക്കിംഗ് പരിശീലന പരിപാടി ആവശ്യമാണ്
16. കുട നിർമ്മണം, സോപ്പ് നിർമ്മാണം, ചെരുപ്പ് നിർമ്മാണം - 2 ലക്ഷം രൂപ

## മാണിക്കമംഗലം വാർഡ് - 8

മാണിക്കമംഗലം വാർഡിൽ 7 നീർത്തട അയൽക്കൂട്ടം രൂപീകരിക്കാം.

**നീർത്തട അയൽക്കൂട്ട പ്രദേശം**

മാണിക്കമംഗലം വാർഡിൽ 3 പഞ്ചായത്ത് കിണറുകൾ ഉണ്ട്. ഈ കിണറുകൾ ഇപ്പോൾ ഉപയോഗ ശൂന്യമായി കിടക്കുകയാണ്. ഇത് വൃത്തിയാക്കി കുടിവെള്ളം പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാക്കണം. - ഉദ്ദേശം 50,000 രൂപ

**കുളം**

സബർമതി റോഡ് അവസാനിക്കുന്നിടത്തുള്ള പറവിളക്കോണം ചിറ വൃത്തിയാക്കണം. അത് ശുദ്ധജല സ്രോതസ്സായി ഉപയോഗിക്കാം. - 25,000 രൂപ

**തോട്**

പറവിളക്കോണം ചിറയ്ക്ക് സമീപമുള്ള തോട് വൃത്തിയാക്കണം. - 2,25,000 രൂപ

ജൈവവേലി - 300 മീറ്റർ

മാണിക്യ മംഗലം ചരുവിള ഭാഗം മുതൽ ലക്ഷം വീട് ഭാഗം വരെയുള്ള സ്ഥലം - 30,000 രൂപ

**കോളനി**

വിട്ടിയോട് ലക്ഷംവീട് കോളനിയിൽ മഴക്കുഴികൾ നിർമ്മിക്കുക. ഈ കോളനിയിൽ 36 വീടുകളാണ് ഉള്ളത്. ഈ വീടുകളിൽ നിന്നും നിക്ഷേപിക്കുന്ന മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം. - (1000 X 36 = 36,000)

**വരുമാനം**

മാണിക്കമംഗലം വാർഡിൽ തരിശുഭൂമികളും, വയലുകളും ഉണ്ട്. ഈ ഭൂമിയിൽ വാഴക്കൃഷിയും, നെൽക്കൃഷിയും ചെയ്ത് വരുമാനം കണ്ടെത്താം.- 50,000 രൂപ

1. ഈ വാർഡിൽ ക്ഷീരകർഷകർ ഉൾപ്പെട്ട കുടുംബങ്ങൾ ഉണ്ട്. ഈ കുടുംബങ്ങളെ ഉൾപ്പെടുത്തി ബയോഗ്യാസ് പ്ലാന്റ് നിർമ്മിച്ച് വരുമാനം കണ്ടെത്താം. - 50,000 രൂപ

**നിർദ്ദേശങ്ങൾ**

1. വയ്യേറ്റ് ലക്ഷം വീട് റോഡ്
2. വൻപണ തടം
3. എരമത്ത് തടം
4. കുഴിവിള തടം

ഈ ഭാഗത്ത് നിന്നും മഴക്കാലത്ത് വൻതോതിൽ മഴവെള്ളം വയ്യേറ്റ് സോമന്റെ വീടിന്റെ മുൻവശം കെട്ടി നിന്നും യാത്രക്ക് അസൗകര്യം ഉണ്ടാക്കുന്നു.

**നിർദ്ദേശം**

ഇരുവശത്തും ഓട നിർമ്മിച്ച് ജലസംഭരണിയിൽ വെള്ളം ശേഖരിച്ച് മംഗലത്ത്കോണം മാടനട ഭാഗത്തേക്ക് പൈപ്പ് ലൈൻ വഴി ഒഴുക്കണം.

1. വയ്യേറ്റ് ലക്ഷം വീട് റോഡ്

വൻപണ- കുഴിവിള ഭാഗങ്ങളിൽ നിന്നും മഴക്കാലത്ത് മഴവെള്ളം -൦ം നമ്പർ 'ശ്രേയസ്സ് വീടിനു മുന്നിൽ കൂടി താഴേക്ക് മംഗലത്ത്കോണം മാടനട ഭാഗം പഞ്ചായത്ത് തടത്തിൽ കൂടി ഒഴുകി റോഡ് സഞ്ചാരയോഗ്യമല്ലാതാകുന്നു.

നിർദ്ദേശം: ഓട നിർമ്മിച്ച് മഴവെള്ളം റോഡിലെ ഓട വഴി ഒഴുക്കണം

2. ലക്ഷം വീട് (വയ്യേറ്റ്) അംഗൻവാടിക്കു സമീപം ജയരാജിന്റെ വീടിനു മുൻവശം റോഡിൽ മഴവെള്ളം കെട്ടി നിന്ന് യാത്രാക്ലേശം

നിർദ്ദേശം: കെട്ടി നിൽക്കുന്ന ജലം പൈപ്പ് ലൈൻ സമീപത്തെ തോട്ടിൽ വിടണം

## പുതൂർ വാർഡ് – 9

1. കുളങ്ങൾ – 7 എണ്ണം വൃത്തിയാക്കി സൈഡ് കെട്ടലും – സ്ഥലം – മാരിയം. ചിറത്തലയ്ക്കൽ ചിറ വൃത്തിയാക്കൽ, മത്സ്യകൃഷി
2. തോടുകൾ – 3 എണ്ണം, തൈക്കാട് മുതൽ മുളയം, ഓടക്കട മുതൽ മാണിക്യ മംഗലം വരെ, മാരിയത്ത് പുത്തൻവീട് മൂതൽ – മാരിയം വരെ സൈഡ് കെട്ടി വൃത്തിയാക്കൽ, നടപ്പാത, നടപ്പാലം.
3. കോളനികൾ – വെട്ടുവിള കോളനി, മൈത്രി നഗർ കോളനി – നവീകരമം.
4. സ്ഥാപനങ്ങൾ – വെട്ടുവിള അംഗൻവാടി മൈപള്ളികോണം – ചുറ്റുമതിൽ, അംഗൻവാടി
5. തരിശ് ഭൂമിയിൽ – കൃഷി.

**കൃഷി രീതികൾ (വ്യക്തികൾക്ക് സംഘങ്ങൾക്ക്)**

1. തീറ്റപ്പുല്ല്
2. പുൽകൃഷി
3. വാഴകൃഷി – എല്ലാ വീടുകളിലും
4. പച്ചക്കറി – എല്ലാ വീടുകളിലും
5. മരങ്ങൾ വച്ച് പിടിപ്പിക്കൽ (ഈട്ടി, തേക്ക്) എല്ലാ വീടുകളിലും
6. കൂൺകൃഷി, മരച്ചീനി കൃഷി, മറ്റ് കൃഷികൾ, കവറിലാക്കി പച്ചക്കറികൃഷി.

**മൃഗപരിപാലനം**

1. ആട് വളർത്തൽ – എല്ലാ അയൽക്കൂട്ടം
2. പശു വളർത്തൽ – എല്ലാ അയൽക്കൂട്ടം
3. കോഴിവളർത്തൽ

**സ്വകാര്യ വ്യക്തികളുടെ പുരയിടത്തിൽ ചെയ്യേണ്ട ജോലികൾ**

1. കല്ല് – കയ്യാല കെട്ടൽ
2. നടപ്പാത
3. മഴക്കുഴി
4. തെങ്ങ് – തടം ഇടൽ
5. പുരയിടം വൃത്തിയാക്കൽ
6. കിണറിന്റെ കഴുത്ത് കെട്ടൽ
7. റബ്ബർ – തടം വെട്ടൽ
8. മണ്ണൊലിപ്പ് തടയാൻവേണ്ടി ബണ്ട് നിർമ്മാണം.
9. അച്ചാർ നിർമ്മാണ യൂണിറ്റുകൾ
10. പലഹാര യൂണിറ്റുകൾ

11. പാൽ, പഴവർഗ്ഗസംസ്കരണ യൂണിറ്റുകൾ
12. കുടിവെള്ളം ഇല്ലാത്ത സ്ഥലത്ത് കുടിവെള്ള സൗകര്യം
13. ഔഷധ തൈകൾ വച്ച് പിടിപ്പിക്കൽ

## വലിയകട്ടയ്ക്കാൽ വാർഡ് – 10

1. കിണറുകളിൽ കുടിവെള്ളം നഷ്ടപ്പെട്ടിരിക്കുകയാണ്. കാരണം മണലൂറ്റലാണ്.
2. ചെമ്പിട്ടവിള കോളനികൾ ജലം വറ്റി കുടിവെള്ള പ്രശ്നം നേരിടുകയാണ്.
3. പള്ളിവിള ലഴ്സറിയിൽ ഒരു പൊതുകിണർ കുടിവെള്ളത്തിനായി ആവശ്യമാണ്.
4. പുതൂർ ഏലാ തോടും വൃത്തിയാക്കണം. പുതൂരിൽ ഒരു കുളവും ഉണ്ട്. ആ കുളം മത്സ്യകൃഷിക്കും ജലസേചന സംരക്ഷണത്തിനായും ആവശ്യപ്പെടുന്നു.
5. മുദാക്കൽ തോടു മുതൽ മുളയം ആറു വരെയുള്ള ഇരുവശങ്ങളും കൈതയും മുളയും വച്ച് പിടിപ്പിക്കണം
6. മണ്ണൊലിപ്പ് ഏറ്റവും രൂക്ഷമായത് മൈലക്കുഴി പ്രദേശത്തെ നെടിയവിള പ്രദേശത്ത് മണ്ണൊലിപ്പ് വളരെ രൂക്ഷമാണ്. അത് ബണ്ട് കെട്ടി നിർത്തണം
7. പള്ളിവിള ഊറ്റുകുഴി ചിറ വൃത്തിയാക്കി ജലസേന സംരക്ഷണത്തിന് ആവശ്യമാണേ.
8. മൈലക്കുഴി പള്ളിവിള പ്രദേശങ്ങളിലും മണ്ണ് സംരക്ഷണം ഏറ്റെടുക്കണം
9. തൊഴിലുറപ്പ് തൊഴിലാളികളെ ഓരോ വീടുകളിലും പച്ചക്കറികളും തെങ്ങിന് തടമെടുക്കുകയും മഴക്കുഴി എടുക്കുകയും വാഴകൾക്ക് കുഴി എടുക്കുകയും വേണം
10. വളർത്തു മൃഗങ്ങൾക്ക് തീറ്റകൾക്കുള്ള പ്രാധാന്യം വേണം
11. മാടൻനട പ്രദേശത്ത് വയലുകൾ തരിശായി കിടക്കുന്നു. അവ കൃഷിക്ക് ആവശ്യം വരുന്നു.
12. മഴവെള്ള സംഭരണി ഈ പ്രദേശത്ത് ആവശ്യമായി വരുന്നു
13. പുല്ലുകൾ വച്ച് പിടിപ്പിക്കുന്നതിന് പ്രദേശം ഉണ്ട്.
14. ഈ പ്രദേശത്ത് ബയോഗ്യാസ് ആവശ്യമുണ്ട്.
15. മുളയം ആറ് വൃത്തിയാക്കുന്നതിന് ഒരു ലക്ഷം രൂപ ചെലവ് വരും
16. പുതൂർ തോട് വൃത്തിയാക്കുന്നതിന് എഴുപതിനായിരം രൂപ ചെലവ് വരും

## കാവറ വാർഡ് – 11

**കുടിവെള്ളക്ഷാമം**

1. കാവറ കോളനി ഏരിയയിൽ കുടിവെള്ളക്ഷാമം
2. മിൽക്ക് സൊസൈറ്റി ഏരിയയിൽ കുടിവെള്ളക്ഷാമം
3. കാവറ കോളനി, കാവറ അംഗൻവാടി തുടങ്ങിയ സ്ഥലങ്ങളിൽ സോളാർ ലൈറ്റ്
4. കാവറ മാടൻ നടയുടെ താഴ്വശം തരിശായി കിടക്കുന്ന മോഹനൻ, സരസമ്മ, ബിനി പുഷ്കരൻഎന്നിവരുടെ ഭൂമിയിൽ പച്ചക്കറികൃഷി ചെയ്യണം
5. കാവറ മാടൻനട റോഡിൽ ശ്രീ. സുശീലൻ, ശ്രീ. ശിവാനന്ദൻ, ശ്രീ. മുരളീധരൻ എന്നിവരുടെ വസ്തുക്കളിൽ കൂടിയുള്ള മണ്ണൊലിപ്പ് തടയാൻ വേണ്ട സംവിധാനം
6. പോലീസ് സ്റ്റേഷൻ പള്ളിവിള റോഡിൽ ശ്രീ. പുഷ്കരൻ, ശ്രീ. സുരേഷ് എന്നിവരുടെ വീടുകളിലേക്കുള്ള പുതിയ വഴിയിൽ കൂടിയുള്ള മണ്ണൊലിപ്പ് തടയാൻ നടപടി
7. കാവറ ദേവിക്ഷേത്രത്തിന്റെ മുകൾ വശത്ത് തീരുന്ന വഴിയിൽ നിന്നുള്ള മണ്ണൊലിപ്പ് തടയണം.
8. കാവറ AJL റോഡിൽ നിന്നും ഇടത്തു വരുന്ന തടത്തിലെ മണ്ണൊലിപ്പ് തടയാൻ വേണ്ടി കോൺക്രീറ്റ് ചെയ്യണം.

   ആകെ എസ്റ്റിമേറ്റ് – 10 ലക്ഷം രൂപ

## മുക്കൂന്നൂർ വാർഡ് – 12

**കുളങ്ങൾ**

| | | | | |
|---|---|---|---|---|
| 1. | പറയരുകോണം | – | നെൽകൃഷിയ്ക്ക് | 8 ലക്ഷം രൂപ (8,00,000) |
| 2. | മുക്കുന്നൂർ | – | നീന്തൽകുളം | 3 ലക്ഷം രൂപ (3,00,000) |
| 3. | ചെണ്ടഴത്ത് ചിറ | – | മത്സ്യകൃഷിയ്ക്ക് | 1 ലക്ഷം രൂപ (1,00,000) |
| 4. | ചെറുവട്ടക്കോണം | – | മത്സ്യകൃഷിയ്ക്ക് | 1 ലക്ഷം രൂപ (1,00,000) |

**പ്രോജക്ടുകൾ**

| | | |
|---|---|---|
| 1. | മഴക്കുഴികൾ – ജലസംഭരണത്തിനും, റബ്ബറിനും | 5 ലക്ഷം രൂപ (5,00,000) |
| 2. | നെൽകൃഷി പുനരുദ്ധാരണം | 3 ലക്ഷം രൂപ (3,00,000) |
| 3. | തെങ്ങുകൃഷി വികസനം | 2 ലക്ഷം രൂപ (2,00,000) |
| 4. | കന്നുകാലി വളർത്തലും, ഉപജീവനം | 5 ലക്ഷം രൂപ (5,00,000) |
| 5. | മരച്ചീനി, പച്ചക്കറി, വാഴ, ചേന, ചേമ്പ്, | |

ഇഞ്ചി, ഇടവിള കൃഷികളുടെ പ്രോത്സാഹനം 3 ലക്ഷം രൂപ (3,00,000)

6. ആട്, കോഴി വളർത്തൽ 5 ലക്ഷം രൂപ (5,00,000)
7. തീറ്റ പുൽകൃഷി - എല്ലാവീടുകളിലും ബയോഗ്യാസ് സംരംഭം 2 ലക്ഷം രൂപ (2,00,000)
8. കന്നുകാലികൾക്കും, കോഴികൾക്കും തീറ്റനിർമ്മാണം അൻപതിനായിരം രൂപ (50,000)
9. തെങ്ങ്, കവുങ്ങ്, ഔഷധസസ്യങ്ങൾ തുടങ്ങിയവയുടെ ഉല്പാദനങ്ങൾക്കുള്ള നഴ്സറികൾ 1 ലക്ഷം രൂപ (1,00,000)
10. റബ്ബർ നഴ്സറി
11. വെറ്റിലകൊടി കൃഷി - അൻപതിനായിരം രൂപ (50,000)
12. മഴവെള്ള സംഭരണി - അൻപതിനായിരം രൂപ (50,000)
13. കൂൺ കൃഷി - ഇരുപത്തയ്യായിരം രൂപ (25,000)
14. തേനീച്ച വളർത്തൽ - ഇരുപത്തയ്യായിരം രൂപ (25,000)
15. ഗ്യാരീബാഗ് നിർമ്മാണം - അൻപതിനായിരം രൂപ (50,000)
16. മണ്ണിരകമ്പോസ്റ്റ് നിർമ്മാണം. - അൻപതിനായിരം രൂപ (50,000)
17. മണ്ണൊലിപ്പു തടയുന്നതിന് കല്ല് കയ്യാല നിർമ്മാണം. - 2 ലക്ഷം രൂപ

**നിർദ്ദേശങ്ങൾ**

മുക്കുന്നൂർ പെരുങ്കുളം തോട് നിർമ്മാണം പൂർത്തീകരിക്കുക. തോടിന്റെ സൈഡ് വാൾ ഉദ്ദേശം 300 മീറ്ററോളം ഭാഗം കല്ലുകെട്ടി സംരക്ഷിക്കുക. ഉദ്ദേശം 3 ലക്ഷം രൂപയും തൊഴിലുറപ്പിന്റെ സേവനവും പ്രതീക്ഷിക്കുന്നു.

## മുരൂർക്കോണം വാർഡ് 13

**കുളങ്ങൾ - 3**

കോട്ടറക്കോണം, തെങ്ങുവിള, പമ്പള്ളൂർ - 5 ലക്ഷം രൂപ (5,00,000)

തെങ്ങുവിളയിറ പുനരുദ്ധാരണം ചെയ്താൽ കുടിവെള്ള സ്ത്രോതസ്സായി ഉപയോഗിക്കാം എന്ന നിർദ്ദേശമുണ്ട്. - 3 ലക്ഷം രൂപ (3,00,000)

**തോടുകൾ - 6**

കറുവള്ളിക്കോണം, മുരൂർക്കോണം, കോട്ടറക്കോണം, നടുവത്ത് മഠം, തണ്ടാം പൊയ്ക, പരമേശ്വരം, പാലത്തറ - 3 ലക്ഷം രൂപ (3,00,000)

**കിണർ - 2**

ദീപാനഗർ, മണ്ഡപക്കുന്ന് - അൻപതിനായിരം രൂപ (50,000)

**കോളനികൾ – 3**

മണ്ഡപക്കുന്ന്, മുണ്ടുകോണം, കോട്ടാക്കോണം.– 2 ലക്ഷം രൂപ (2,00,000)

**പ്രശ്നങ്ങൾ**

കുടിവെള്ളക്ഷാമം - വേനൽ കാലത്ത്.

ദീപാ നഗർ പ്രദേശത്ത് മഴപെയ്താൽ വെള്ളം കുത്തി ഒലിച്ച് താഴെ ഭാഗത്തേക്ക് കവിഞ്ഞൊഴുകുന്നു. അത് തടയുന്നതിന് മഴക്കുഴികൾ എടുത്ത് ജലം മണ്ണ് എന്നിവ സംരക്ഷിക്കുക. അതുപോലെ കോട്ടറക്കോണം കുന്നിൻ ക്ഷേത്രം മുരൂർകോണം വിളയിൽ നട മണ്ഡപക്കുന്ന് എന്നീ പ്രദേശങ്ങളിലും ഇത് രൂക്ഷമായി കാണുന്നു. – 1 ലക്ഷം രൂപ (1,00,000)

1) കല്ല് കയ്യാലകളും ബൗണ്ടറികളും നിർമ്മിച്ച്, തട്ടകളായി തിരിച്ച് ആ പ്രദേശങ്ങളിലെ ജനങ്ങൾക്ക് പച്ചക്കറി കൃഷി, പുൽകൃഷി, പുഷ്പകൃഷി, വാഴകൃഷി എന്നിവ ചെയ്യാവുന്നതാണ്. – 1 ലക്ഷം രൂപ (1,00,000)
2) മൃഗസംരക്ഷണ പരിപാടിയുമായി ബന്ധപ്പെട്ട് പശു വളർത്തൽ, ആടുവളർത്തൽ, കോഴി വളർത്തൽ എന്നിവയ്ക്ക് അനിയോജ്യമായ സാഹചര്യം ഉണ്ടാക്കാവുന്നതാണ്.
3) നമ്മുടെ വാർഡിലൂടെ കടന്നുപോകുന്ന പ്രധാനതോടാണ് കുറുവള്ളികോണം തോട് ഈ സൈഡ് ഇടിഞ്ഞ് മഴക്കാലത്ത് വെള്ളം കരകവിഞ്ഞൊഴുകുന്നു. ആയതിനാൽ ഈ തോട് സംരക്ഷിക്കുന്നതിന് സൈഡ് വാൾ കെട്ടണം എന്ന് നിർദ്ദേശമുണ്ട്. – 2 ലക്ഷം രൂപ (2,00,000)
4) കോട്ടറക്കോണം എന്ന സ്ഥലത്ത് മഴക്കാലത്ത് ഊറ്റ് ഉള്ള പ്രദേശമാണ്. അത് വഴി കാൽനട യാത്രക്കാർക്ക് വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്നു. ആയതിനാൽ ആ ഭാഗത്ത് മഴക്കുഴി എടുത്ത് മഴവെള്ളം പ്രത്യേകം സംഭരിക്കുകയും കല്ല് പാകി യാത്രയ്ക്ക് അനുകൂലമാക്കി എടുക്കണം എന്ന നിർദ്ദേശവും ഉണ്ട്. – 1.5 ലക്ഷം രൂപ (1,50,000)
5) പച്ചക്കറി കൃഷി, വാഴ കൃഷി, തെങ്ങിന് തടമെടുക്കൽ, പാർശ്വഭിത്തി ബലപ്പെടുത്തൽ മഴക്കുഴി എടുക്കൽ, പശുവളർത്തൽ – 1 ലക്ഷം രൂപ (1,00,000)
6) കോട്ടറകോണം ദീപാനഗർ എന്നീ സ്ഥലങ്ങളിൽ കൂൺകൃഷിക്ക് അനുകൂലമായ കാലാവസ്ഥയാണ് ആയതിനാൽ ആ പ്രദേശത്ത് ഉള്ള വനിതകൾ കൂൺ കൃഷി ചെയ്യുന്നതിന് വേണ്ടി നിർദ്ദേശമുണ്ട്. – അൻപതിനായിരം രൂപ (50,000)

7) ദീപാനഗർ, മുരൂർക്കോണം എന്നീ സ്ഥലങ്ങളിലുള്ള അയൽക്കൂട്ടങ്ങളിലുള്ളവർക്ക് പശുവളർത്തൽ പദ്ധതി നടപ്പിലാക്കണം എന്ന നിർദ്ദേശമുണ്ട്. - 1.5 ലക്ഷം രൂപ (1,50,000)
8) മണ്ഡപക്കുന്ന്, മുണ്ടുകോണം എന്ന സ്ഥലങ്ങളിലുള്ള കോളനികളിലുള്ളവർക്ക് ആടുവളർത്തൽ പദ്ധതി നടപ്പിലാക്കണം എന്ന നിർദ്ദേശമുണ്ട്. - 1.5 ലക്ഷം രൂപ (1,50,000)
9) എല്ലാ കുടുംബങ്ങളിലുള്ളവർക്കും ഒരു വീട്ടിൽ 10 കോഴി, ഒരു കൂടും എന്ന നിരക്കിൽ നടപ്പിലാക്കണം എന്ന് നിർദ്ദേശമുണ്ട്. - അൻപതിനായിരം രൂപ (50,000)
10) കോട്ടറക്കോണം, വേലാംകോണം പ്രദേശത്തുള്ളവർ വയലരികത്ത് താമസിക്കുന്ന ആളുകൾക്ക് താറാവ് വളർത്തൽ പദ്ധതി നടപ്പിലാക്കണം എന്ന നിർദ്ദേശമുണ്ട്. - അൻപതിനായിരം രൂപ (50,000)
11) മണ്ഡപക്കുന്ന്, പുലിച്ചാണി എന്നീ പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം രൂക്ഷമായതിനാൽ അവിടങ്ങളിൽ മഴക്കുഴി സ്ഥാപിക്കണമെന്ന് നിർദ്ദേശമുണ്ട്. - അൻപതിനായിരം രൂപ (50,000)
12) മുരൂർക്കോണം വാർഡിലുള്ള കഴുത്ത് കെട്ടി സംരക്ഷിച്ചിട്ടില്ലാത്ത എല്ലാ കിണറുകളും കഴുത്ത് കെട്ടി ശുദ്ധജലം ലഭ്യമാക്കുന്നതിനുവേണ്ട നടപടി ഉണ്ടാക്കണം. - 1 ലക്ഷം രൂപ (1,00,000)
13) പശുവളർത്തൽ പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്ക് തൊഴുത്ത് കെട്ടികൊടുക്കുന്നതിനുവേണ്ട നിർദ്ദേശമുണ്ട്. - 1.5 ലക്ഷം രൂപ (1,50,000)
14) മണൽ ഊറ്റി കുളമായി കുറുവള്ളികോണം, വേലാംകോണം, പച്ചള്ളൂർ എന്നീ പാടങ്ങളിൽ സ്വകാര്യ ഭൂമി മണൽ ഊറ്റിയ സ്ഥലങ്ങൾ ഉണ്ട്. അവിടെ മത്സ്യകൃഷി നടത്താൻ നിർദ്ദേശമുണ്ട്. ഉറവിടത്തിൽ തന്നെ ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിനുവേണ്ടി ബയോഗ്യാസ് പ്ലാൻ ഓരോ വീടുകളിലും നടപ്പിലാക്കണം. - 2 ലക്ഷം രൂപ (2,00,000)

**<u>പമ്പള്ളൂർ</u>**

1. പമ്പള്ളൂർ നാഗരുകാവ് മുതൽ മൂലയിൽ നട വരെയുള്ള തോടിന്റെ കര വൃത്തിയാക്കലും തോടിൽ നിന്ന് ചെളി കോരി വൃത്തിയാക്കി ജനങ്ങൾക്ക് കുളിക്കുവാനും അത്യാവശ്യം വീട്ടാവശ്യത്തിനും ഉപയോഗമാക്കണം
2. കുറുവള്ളിക്കോണം: കുറുവള്ളിക്കോണം തോടും കരയും വൃത്തിയാക്കണം. കവറുകളും കുപ്പികളും മറ്റ് സാധനങ്ങളും മാറ്റി വൃത്തിയാക്കണം

3. തണ്ടാം പൊയ്ക മുതൽ ആലന്തറ ശാസ്തനട വരെയുള്ള തോടിന്റെ കര വൃത്തിയാക്കണം. തോട് മലിനമായി കിടക്കുകയാണ്. മാലിന്യം മാറ്റി വൃത്തിയാക്കണം. അടുത്തുള്ള വീടുകളിലെ ജനങ്ങൾക്ക് കുളിക്കുവാനും മറ്റ് അത്യാവശ്യങ്ങൾക്കും അനുയോജ്യമാണ്.
4. കോട്ടറക്കോണം ചിറ: ചിറ വൃത്തിയാക്കൽ, പൊതു ആവശ്യത്തിനും കോട്ടറക്കോണം കോളനിയിലെ ജനങ്ങൾ കുടിക്കുവാൻ വരെ ഉപയോഗിക്കുന്നതാണ്. മത്സ്യം വളർത്തുവാനും ഉപയോഗിക്കാം. ചിറയിൽ മാലിന്യം നിറഞ്ഞു കിടക്കുകയാണ്.
5. ദീപ നഗർ പ്രദേശത്തെ മണ്ണൊലിപ്പ് തടയുന്നതിന് അതിനു മുകളിൽ സ്ഥിതി ചെയ്യുന്ന പുരയിടത്തിൽ കല്ല് കയ്യാല നിർമ്മിക്കാം.
6. കുടിവെള്ളം

## ആലന്തറ വാർഡ് – 14

**തോടുകൾ**

അടിയന്തര പ്രാധാന്യം നൽകി പുനരുദ്ധരിക്കേണ്ട തോടുകൾ

1. **ആലുന്തറ ഏലാതോട് :-** കോട്ടറത്തോണം ചിറയുടെ ഭാഗത്ത് നിന്ന് തുടങ്ങി 500 മീറ്റർ തീരുന്ന ഭാഗം കല്ലുകെട്ടി സംരക്ഷിക്കണം

   പ്രതീക്ഷിക്കുന്ന ദൂരം ഉദ്ദേശം - 500 മീറ്റർ

2. **കീഴായിക്കോണം- വേറ്റൂർ ആലുന്തറ ഏലാതോട്**

   ഈ ഭാഗം അടിയന്തരമായി പുനരുദ്ധരിക്കേണ്ടതും പരിസരവാസികളുടെ ആവാസ വ്യവസ്ഥക്കു ഭീഷണിയാണ്. സൈഡ് കെട്ടി ആവശ്യം വേണ്ട പാലം നിർമ്മിച്ച് പൊതുസമൂഹത്തിനു വേണ്ടി സംരക്ഷിക്കണമെന്ന് നിർദ്ദേശിക്കുന്നു.

   ഉദ്ദേശ ദൂരം - 1.5 കി. മി

3. **ശാസ്തനട- മുദാക്കൽ പാലത്തിൽ ചേരുന്ന വലിയ ഏലാതോട്**

   ഉദ്ദേശ ദൂരം - 1.5 കി. മി

   ഈ തോടിന്റെ സൈഡ് കെട്ടി പേയ്ക്കാവിള മുതൽ കോട്ടറത്തോണം തോട് ചേരുന്ന ഭാഗം വരെ സൈഡ് കെട്ടി സംരക്ഷിക്കണം

4. പണ്ഡാരവിള പാലത്തിന് താഴെ പുളിമൂട് ചിറയിൽ നിന്നുള്ള തോട് വന്ന് ചേരുന്ന ഭാഗം ഒരു സൈഡ് കെട്ടണം, തടയണ നിർമ്മിക്കണം.

   ഉദ്ദേശ ദൂരം - 1.5 കി. മി

**മണ്ണൊലിപ്പ് തടയാനുള്ള നിർദ്ദേശം**

ആലന്തറ അയൽക്കൂട്ട പരിധിയിൽ വർഷകാലത്തുണ്ടാകുന്ന മണ്ണൊലിപ്പ് തടയാൻ ഈ പ്രദേശത്തെ ചരിഞ്ഞ ഭൂമികൾ തട്ടുകളായി തിരിച്ച് ജൈവവേലി നിർമ്മിക്കണം.

ജൈവവേലി പരിപോഷണത്തിനായി അയൽക്കൂട്ടത്തിന്റെ ഓരോ പ്രദേശത്തിന്റെയും അഭിരുചിയ്ക്ക് അനുയോജ്യമായി പശു, ആട്, കോഴി എന്നിവ വിതരണം ചെയ്യണം.

**മീൻ വളർത്തൽ**

കുരുനാഗപ്പൻ കാവിന് സമീപം പുളിമൂട്ടിൽ പൊതുകുളത്തിൽ മീൻ വളർത്തൽ നടത്തണം.

**പൊതുനിർദ്ദേശം**

**അന്തരീക്ഷമലിനീകരണത്തിനും കൊതുക് നശീകരണത്തിനും**

അന്തരീക്ഷമലിനീകരണത്തിനും കൊതുക് നശീകരണത്തിനുമായി രാവിലെയും വൈകുന്നേരവും പുകയിടുന്നതിന് മണിക്കുന്തിരിക്കം വിതരണം ചെയ്തു. അയൽക്കൂട്ട വീടുകളിൽ പുകയിടുന്നത് നിർബന്ധമാക്കണം.

## മണ്ഡപകുന്ന് വാർഡ് – 15

1) കരുനാഗപ്പൻ ചിറയിൽ കിണർ കുഴിച്ച് പമ്പ്സെറ്റ് ഉപയോഗിച്ച് കുടിവെള്ള വിതരണം നടത്താം – 5 ലക്ഷം
2) ഈ ചിറയിൽ നിന്നും കൃഷി ആവശ്യത്തിന് ജലസേചനം നടത്താം. ഇതു വഴി സമീപ പ്രദേശങ്ങളിൽ കൃഷി പ്രോത്സാഹിപ്പിക്കാം
3) കോട്ടുകുന്നം കൊച്ചുകുന്ന് ക്വാറിക്കുളം സംരക്ഷിച്ച് മത്സ്യകൃഷി നടത്താം – 50,000 രൂപ
4) കീഴയിക്കോണം ചിറയുടെ വശങ്ങൾ ഇടിഞ്ഞ് നാശോൻമുഖമായിരിക്കുകയാണ്. വശങ്ങൾ കെട്ടി, ചെളി വാരി കുളം വൃത്തിയാക്കി കിണർ കുഴിച്ച് പമ്പ്സെറ്റ് ഉപയോഗിച്ച് കുടിവെള്ള വിതരണം നടത്താം – 5 ലക്ഷം രൂപ
5) ആനപ്പാറ, വട്ടവിള, മുണ്ടുകോണം, കുരുന്നേയപ്പൻ കാവ് എന്നീ പ്രദേശങ്ങളിൽ ജലക്ഷാമം രൂക്ഷമാണ്.
6) കൊച്ചുകുന്ന് ക്രഷർ മുതൽ കുരുന്നേയപ്പൻ ചിറ വരെയും ആനപ്പാറ ക്രഷർ മുതൽ കീഴയിക്കോണം വരെയും മണ്ണൊലിപ്പ് രൂക്ഷമാണ്.

7) വെള്ളക്കുഴി, കുരുന്നേയപ്പൻ കാവ്, ആനപ്പാറ പ്രദേശങ്ങളിൽ അടിയന്തിരമായി മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തണം.

## പരമേശ്വരം വാർഡ് – 16

ഇപ്പോൾ നിലവിലുള്ള അയൽക്കൂട്ടം - 2

1. ഈ ഗ്രൂപ്പ് കമ്മിറ്റിയിൽ നിന്നും ചർച്ചകളുടെ അടിസ്ഥാനത്തിൽ 50, വീടുകൾ ഉൾപ്പെടെ ഒരു അയൽക്കൂട്ടം രൂപീകരിക്കാൻ തീരുമാനിച്ചു.
2. നീർത്തട അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് ഓരോ വീടിന്റെ കിണറുകളിലും ജലസ്ത്രോതസ്സുകൾ നിലനിർത്തി കുടിവെള്ള ക്ഷാമം പരിഹരിക്കാൻ തീരുമാനിച്ചു.
3. ഇതുവഴി നീരുറവകൾ നിലനില്ക്കുകയും, മണ്ണൊലിപ്പ് തടയുകയും ചെയ്യാം.
4. ചെറിയതോടുകൾ, പൊതുകിണറുകൾ, ജലം സംഭരിച്ചു നിൽക്കുന്ന ചിറകൾ വൃത്തിയാക്കി പൊതു ആവശ്യത്തിനു ഉപയോഗ്യമാക്കുന്നതിനു തീരുമാനിച്ചു.
5. ഓരോ വീടിന്റെയും പരിസരത്ത് വൃക്ഷതൈകൾ വച്ചുപിടിപ്പിക്കണം. ഇതുമൂലം മഴവെള്ളം ഭൂമിയിൽ ആഴ്ന്നിറങ്ങുകയും മണ്ണൊലിപ്പു തടയുന്നതിനു ഒരു പരിധിവരെ നിലനില്ക്കുകയും ചെയ്യും.
6. വാഴ, പയർ, ചീര എന്നീ കൃഷികൾ ചെയ്യുന്നതിനു അയൽകൂട്ടത്തിലുള്ളവർ കൂട്ടായി മറ്റുള്ളവർക്കു പറഞ്ഞു കൊടുക്കൽ..
7. മഴക്കാലങ്ങളിൽ ഒഴുകിവരുന്ന മഴവെള്ളം പാഴായി ഒഴുകിപോകാതെ ചെറിയ തടയണകൾ ഉണ്ടാക്കി ഭൂമിയിൽ കൃഷി ചെയ്യുന്നതിനുള്ള ജലാംശം നിലനിറുത്താം.
8. വീടുകളിൽ ഉപയോഗിക്കുന്ന മലക്കറിയുടെയും മറ്റ് പാഴ്വസ്തുക്കൾ ഉപയോഗ ശൂന്യമാക്കികളയാതെ, അവ ബയോഗ്യാസ് നിർമ്മിക്കുന്നതിന് ഉപയോഗപ്രദമാക്കുന്നതിനു തീരുമാനിച്ചു.
9. പരമേശ്വരം കൃഷ്ണപുരത്തു സ്ഥിതി ചെയ്യുന്ന അമ്പലക്കുളം വൃത്തിയാക്കി കുളിക്കുന്നതിനും, മറ്റുകൃഷിക്കും അനുയോജ്യപ്പെടുത്തുന്നതിനു അയൽക്കൂട്ടത്തിൽ മുൻകൈയ്യെടുക്കും.
10. വരൾച്ച, വെള്ളപ്പൊക്കം ഇവ നടക്കുന്നതിനുവേണ്ടി ആവശ്യമായ പരിപാടികൾ നിലനിറുത്തും.
11. മഴവെള്ള സംഭരണികൾ ഉണ്ടാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തും.

12. ആട്, കോഴി, പശു എന്നീ വളർത്തൽ രൂപീകരിക്കും.
13. കുറ്റിമുല്ല പോലുള്ള ചെടികൾ വളർത്തുന്നതിന് കമ്മറ്റി തീരുമാനം എടുത്തിട്ടുണ്ട്.
14. പേപ്പർ ബാഗ് സ്ത്രീകളുടെ ഒരു തൊഴിലവസരമാണ്. അതുനടപ്പിൽ വരുത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർമാർ കൈയെടുക്കണമെന്നു അറിയിക്കുന്നു.
15. മത്സ്യകൃഷി വളരെ ആദയകരമായ ഒന്നാണ്. അതു വളർത്തുന്നതിന് ആവശ്യമായ എല്ലാ സഹായവും ഉണ്ടാകണം.
16. പരമേശ്വരം വാർഡിൽ സ്ത്രീകളുടെ തൊഴിലായി ഒരു ഖാദി ബോർഡു നിലനില്ക്കുന്നു. ഇത് വളരെ വരുമാനം കുറഞ്ഞ ഒരു തൊഴിലായി അവിടത്തെ തൊഴിലാളികൾ നിരന്തരം ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ട്.
17. പരമേശ്വരം വാർഡിൽ ആകെ ഒരു വിദ്യാഭ്യാസ സ്ഥാപനമാണ് ഉള്ളത്. കുട്ടികളുടെ ആരോഗ്യത്തിനും, മറ്റ് പച്ചക്കറി കൃഷി ഉൽപ്പാദനവും ഉണ്ടാക്കുന്നതിന് തിരുമാനങ്ങൾ എടുക്കുക. കുട്ടികളുടെ ഇൻഷ്യറൻസു പദ്ധതി കൂടി നിലവിൽ വരേണ്ടത് ആവശ്യമാണ്.
18. പഞ്ചായത്തിൽ നിന്നും മുൻകാലങ്ങളിൽ കോളനി പ്രദേശങ്ങളിൽ നൽകിയിട്ടുള്ള പൊതു കിണർ വൃത്തിയാക്കി കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നിയമന നടപടി പഞ്ചായത്തു തലത്തിൽ ഉണ്ടാകണം.

പരമേശ്വരം വാർഡിൽ 2 അയൽക്കൂട്ടങ്ങൾ ഉണ്ട്.

- ഞങ്ങൾ ചർച്ച ചെയ്തത് 50 വീടുകൾ യോജിപ്പിച്ച് ഒരു അയൽക്കൂട്ടം ഉണ്ടാക്കി അതിൽ നിന്നും 7 പ്രതിനിധികളെ ഉണ്ടാക്കി അതിൽ നിന്നും 2 പേരെ തിരഞ്ഞെടുത്ത് കൃഷികൾ ചെയ്യുന്ന രീതി പറഞ്ഞ് മനസിലാക്കി കൊടുക്കണമെന്നാണ്.
- പരമേശ്വരം വാർഡിൽ ഒരു ചിറ ഉണ്ട്. അതിൽകൂടി പോകുന്ന തോട് വൃത്തിയാക്കി സംരക്ഷിച്ച് എടുത്താൽ ആ തോട്ടിൽ വെള്ളം സംരക്ഷിച്ചെടുക്കാം.

കോളനി 2 എണ്ണം

**സ്ഥാപനം -** പരമേശ്വരം സ്കൂൾ, ഖാദീ ബോർഡ്

സ്ത്രീകളായിട്ട് ചെയ്യാൻപ്പറ്റുന്ന ഒരു തൊഴിൽ കൃഷി, ആട് വളർത്തൽ, കോഴി വളർത്തൽ മഴവെള്ളത്തെ തടഞ്ഞു നിർത്തി നമ്മുടെ പ്രദേശത്തെ പരിപാലിക്കണം. അതിന് വേണ്ടി തടയണ കെട്ടണം. തെങ്ങിന് പുതയിടണം, മഴവെള്ളകുഴി എടുക്കണം. വാഴകൃഷി ചെയ്യണം. ഒരു വീടിന് രണ്ട് വൃക്ഷ

തൈകൾ വച്ച് പിടിപ്പിക്കണം. തേക്കും, ഈട്ടിയും ഇതിനെപ്പറ്റിയാണ് ചർച്ച ചെയ്യുന്നത്. പരമേശ്വരം പ്രദേശത്തിന്റെ രണ്ട് സൈഡിലായി രണ്ട് തോട്ടം 2 കുളവും ഉണ്ട്. അത് വൃത്തിയാക്കി പരസരത്ത് വെള്ളപ്പൊക്കം തടയാൻ പറ്റും.

നമ്മുടെ പ്രദേശത്തെ സ്വന്തമായ വസ്തുവിൽ പച്ചക്കറി വിത്തുനട്ട് സ്വന്തമായി പച്ചക്കറി ഉണ്ടാക്കി ഉപയോഗിക്കണമെന്നാണ് ചർച്ച. സ്വന്തമായി വാഴ നട്ടുപിടിപ്പിക്കണം. 50 വീടുകളിലെ സ്ത്രീയും പുരുഷനും പച്ചക്കറികൾ നട്ടാൽ ഒരു പരിധിവരെ നമുക്ക് ഉപയോഗിക്കാൻ കിട്ടും.

മഴക്കാലങ്ങളിൽ ഒഴുകിവരുന്ന മഴവെള്ളം പാഴാക്കാതെ ചെറിയ തടയണകൾകെട്ടി നിർത്തി പച്ചക്കറിക്ക് ഉപയോഗിക്കാം.

ചീര, പയർ പാവൽ, വാഴ തുടങ്ങിയ കൃഷികൾ സ്വന്തമായി ചെയ്യാം. മഴവെള്ളസംഭരണി നടപ്പിലാക്കുക. അതിനുള്ള സജ്ജീകരണങ്ങൾ ഉണ്ടാക്കുക.

പരമേശ്വരത്ത് ഒരു 15 സെന്റ് സ്ഥലം തരിശ് ഭൂമിയായിട്ട് കിടക്കുകയാണ്. അതിൽ വേണ്ട കൃഷികൾ ചെയ്യാവുന്നതാണ്.